ത്തിന് എന്ന നിരക്കിൽ പരമാവധി അഞ്ഞൂറു രൂപ വരെ ചികിൽസാ ചെലവ് മടക്കി നൽകുന്നതാണ്.

ചെറുകിടവ്യവസായങ്ങൾ ആരംഭിക്കാൻ സഹായം

23 (*113)ശ്രീ.പി.പി.സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ടി.വി.ചിത്ര നിർമ്മാണത്തിനെ ചെറുകിട വ്യവസായമായി അംഗീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ നൽകുന്ന സഹായങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.*

(ബി) ഫിലിം ഇൻഡസ്ട്രി (മോഷൻ പിക്ചർ ഉൽപാദനം) വ്യവസായമായി അംഗീകരിച്ചിട്ടില്ല. എന്നാൽ കുടുംബാസൂത്രണം, സാമൂഹ്യവനവൽക്കരണം, ഊർജ്ജ സംരക്ഷണം, കമേഴ്സ്യൽ പരസ്യങ്ങൾ എന്നിവയെ ആസ്പദമാക്കിയിട്ടുള്ള ഡോക്യുമെന്ററി ഫിലിംസിനെ എസ്.എസ്.എസ്. ബി.ഇ. കാറ്റഗറിയിൽപ്പെടുത്തി വ്യവസായമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ടെക്സ്റ്റയിൽ മില്ലുകളുടെ നവീകരണ പ്രവർത്തനങ്ങൾ

24 (*114)ശ്രീ. എം. ദാസൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എ. കണാരൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമേഖലയിലും സഹകരണ മേഖലയിലും ഉള്ള ടെക്സ്റ്റയിൽ മില്ലുകളുടെ നവീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തെ ഏതൊക്കെ ടെക്സ്റ്റയിൽ മില്ലുകളിലാണ് നവീകരണം നടത്തുവാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പൊതുമേഖലയിലെയും സഹകരണ മേഖലയിലെയും ടെക്സ്റ്റയിൽ മില്ലുകളുടെ നവീകരണത്തിലേക്ക് തിരിയാനുണ്ടായ സാഹചര്യങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്തെ ടെക്സ്റ്റയിൽ മില്ലുകളുടെ നവീകരണത്തിന് എന്തു തുക ചെലവു വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ടെക്സ്റ്റയിൽ മില്ലുകളുടെ നവീകരണത്തിനാവശ്യമായ ഫണ്ട് സ്വരൂപിച്ചിട്ടുണ്ടോ; എങ്കിൽ എപ്രകാരം ഏതൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ എന്ന് വെളിപ്പെടുത്താമോ;

(എഫ്) സംസ്ഥാനത്തെ ടെക്സ്റ്റയിൽ മേഖലയിൽ തൊഴിലെടുക്കുന്നവർ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്തെ ടെക്സ്റ്റയിൽ മേഖലയുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി കേന്ദ്രസർക്കാർ എന്തെങ്കിലും സഹായം നൽകിവരുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(എച്ച്) ടെക്സ്റ്റയിൽ മിൽ നവീകരണ പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; നവീകരണ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ,ബി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള സഹകരണ മേഖലയിലെയും, പൊതുമേഖലയിലെയും പത്തു മില്ലുകളുടെ നവീകരണമാണ് ഉദ്ദേശിക്കുന്നത്. ഉപ്രകാരമുള്ള നവീകരണ പദ്ധതികൾ സഹകരണ മേഖലയിലെ തൃശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലിമിറ്റഡിലും, മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലിമിറ്റഡിലും, കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലിമിറ്റഡിലും ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ടെക്സ്റ്റയിൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള നാലു മില്ലുകളുടെയും നവീകരണ പദ്ധതികൾ ഉടനെ ആരംഭിക്കുന്നതാണ്. കൊല്ലം സഹകരണ സ്പിന്നിംഗ് മിൽസ് ലിമിറ്റഡിന്റെ നവീകരണ പദ്ധതികൾക്ക് കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് ബോർഡിൽ നിന്നും 300 ലക്ഷം രൂപ അനുവദിച്ചു.

(സി) മാറിവരുന്ന വ്യാവസായിക അന്തരീക്ഷത്തിൽ തുണിവ്യവസായം അഭിമുഖീകരിക്കുന്ന നിശിതമായ കിടമത്സരത്തെ അതിജീവിച്ച് ലാഭകരമായ പ്രവർത്തനം ഉറപ്പാക്കണമെങ്കിൽ ഉല്പന്നങ്ങളുടെ ഗുണമേന്മയും ഉല്പാദന ചെലവുകളും ഈ വ്യവസായത്തിലെ മുൻനിരക്കാരോടൊപ്പം ആക്കിയാൽ മാത്രമേ സാദ്ധ്യമാവുകയുള്ളൂ. അതിനായിട്ടാണ് പൊതുമേഖലയിലെയും, സഹകരണ മേഖലയിലെയും സ്പിന്നിംഗ് മില്ലുകളിൽ യന്ത്രസാമഗ്രികളുടെ നവീകരണത്തിനു വേണ്ട പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്.

(ഡി) ഉണ്ട്. ഏകദേശം 100 കോടി രൂപ (നൂറു കോടി രൂപ) വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്.

(ഇ) ടെക്സ്റ്റയിൽ സെക്ടർ പി.എസ്.യു. ന്റെ പുനഃരുദ്ധാരണത്തിനാവശ്യമായ ധനം കെ.എഫ്. ആർ.എഫ്-ൽ നിന്നും കണ്ടെത്താനാകുമെന്ന് കണക്കാക്കുന്നു.

(എഫ്) ഏകദേശം 5500-ഓളം ജീവനക്കാർ ഈ മേഖലയിൽ പണിയെടുക്കുന്നുണ്ട്. സംസ്ഥാനത്തെ ടെക്സ്റ്റയിൽ മേഖലയിൽ പ്രത്യക്ഷമായും പരോക്ഷമായും കണക്കാക്കിയാൽ ഇരുപതിനായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്നതായി കണക്കാക്കപ്പെടുന്നു

1185/2010.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇല്ല.

(എച്ച്) നവീകരണ പദ്ധതികൾ ആറുമാസക്കാലത്തിനകം പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. പുന:രുദ്ധാരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് ഉറപ്പ് കമ്പനി അധികൃതയിൽ നിന്നും യൂണിയനുകളിൽ നിന്നും ലഭിച്ചതിനുശേഷമാണ് കെ.ഐ.ആർ. എഫ്-ൽ നിന്നും ധനസഹായം അനുവദിക്കുന്നത്.

"ടൈറ്റാനിയം ഫാക്ടറിയിൽ തദ്ദേശവാസികൾക്ക് നിയമനം"

25 (*115)ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ടൈറ്റാനിയം ഫാക്ടറിയിൽ തദ്ദേശവാസികൾക്ക് നിയമനം നൽകുന്നതിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡം എന്താണ്;

(ബി) ഇതനുസരിച്ച് എത്ര ശതമാനം നിയമനമാണ് ഇവർക്ക് നിശ്ചയിച്ചിരിക്കുന്നത്;

(സി) തദ്ദേശവാസികൾക്ക് നിശ്ചയിച്ചിരിക്കുന്ന സംവരണം ആർക്കെല്ലാമാണ് നൽകുന്നത്, ഏത് അനുപാതത്തിലെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത് പുനർനിർണ്ണയം ചെയ്യാൻ ആലോചിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ-സി) തൊഴിൽ പ്രാവീണ്യം ആവശ്യമില്ലാത്ത തസ്തികകളിലെ (അൺസ്കിൽഡ് വിഭാഗം) ഒഴിവുകളിലേക്കുള്ള നിയമനങ്ങളിൽ 30% പരിസരവാസികൾക്കായി നീക്കിവയ്ക്കുകയും ഇപ്രകാരം നീക്കിവയ്ക്കപ്പെടുന്ന ഒഴിവുകളിൽ 25% സബ് ലൊക്കാലിറ്റി വിഭാഗത്തിൽപ്പെടുന്നവർക്കും 5% ലൊക്കാലിറ്റി വിഭാഗത്തിൽപ്പെടുന്നവർക്കും നൽകുകയും ചെയ്യണമെന്നുള്ള മാർഗ്ഗനിർദ്ദേശം അതനുസരിച്ചാണ് ടൈറ്റാനിയം ഫാക്ടറിയിൽ നിയമനം നടത്തുന്നത്.

(ഡി) പുനർനിർണ്ണയം ചെയ്യാൻ ഇപ്പോൾ ആലോചിക്കുന്നില്ല. എന്നാൽ 24/11/2000-ൽ വ്യവസായ വകുപ്പ് മന്ത്രി നടത്തിയ യോഗത്തിൽ സംവരണം സംബന്ധിച്ച കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു റിട്ടയേർഡ് ജഡ്ജിയെ അന്വേഷണ കമ്മിഷനായി നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥി പ്രവേശനം

26 (*116)ശ്രീ. വി. ബാലറാം :

ഡോക്ടർ എം.എ. കുട്ടപ്പൻ :

LIBRARY ARCHIVES Kerala Legislative Assembly